(ബി) ആർ. ജി. ജി. വി. വൈ. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ജില്ലാ അടിസ്ഥാനത്തിലാണ് ആർ.ഇ.സി.-യിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയ്ക്കുവേണ്ടി 2484.22 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ ആർ.ജി.ജി.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈദ്യുതീകരണ പ്രവൃത്തികൾക്ക് ഏകദേശം 950 ലക്ഷം രൂപയോളം ചെലവു വരും.

(സി) ആർ.ജി.ജി.വി.വൈ. പദ്ധതി 2 വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഉടുമ്പൻചോല മണ്ഡലത്തിലെ ആർ.ജി.ജി.വി.വൈ. പദ്ധതികൾ

83 [1205] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. ജി. ജി. വി. വൈ. പദ്ധതിയിൽ ഉടുമ്പൻചോല മണ്ഡലത്തിലെ 13 പഞ്ചായത്തുകളിൽ നിന്നായി ഏതെല്ലാം പ്രദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ചാൽ എത്ര ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും ;

(സി) പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ടോ ; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ് ; ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം എന്നത്തേക്ക് ലഭ്യമാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആർ. ജി. ജി. വി. വൈ. പദ്ധതി പ്രകാരം ഉടുമ്പൻചോല താലൂക്കിൽ വൈദ്യുതീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പ്രദേശങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. †

(ബി) ഉടുമ്പൻചോല താലൂക്കിലെ 21,456 വീടുകൾ വൈദ്യുതീകരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ടെണ്ടർ ചെയ്തിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വർക്കുകളും ടേൺകീ അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിനു വേണ്ടിയാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. ആർ.ജി.ജി.വി.വൈ. പദ്ധതികൾ രണ്ട് വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ചങ്ങരോത്ത് പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് വൈദ്യുതി കണക്ഷൻ

84 [1206] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങരോത്ത് പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ട് കാലമേറെ ആയെങ്കിലും ഇതേവരെ വൈദ്യുതി കണക്ഷൻ നൽകാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദൈനംദിന ആവശ്യങ്ങൾക്ക് പുറമേ വിലപിടിപ്പുള്ള ഔഷധങ്ങൾ സൂക്ഷിക്കുവാൻ ഇതുമൂലം കഴിയുന്നില്ലാ എന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വൈദ്യുതി കണക്ഷൻ നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) കണക്ഷനുള്ള അപേക്ഷ ലഭിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ ;

(ഇ) ആശുപത്രിക്ക് കണക്ഷൻ എപ്പോൾ നൽകുമെന്ന് പറയാമോ ?

ഉത്തരം

(എ—ഇ) 28-12-2005-ൽ അപേക്ഷ സമർപ്പിക്കുകയും 4-1-2006-ൽ ഒ.വൈ.ഇ.സി. അടയ്ക്കുകയും ചെയ്ത ഈ കണക്ഷൻ 21-1-2006-ൽ നൽകിയിട്ടുണ്ട്.

വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്നവരുടെ എണ്ണം

85 [1207] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വിവിധ സെക്ഷനുകളുടെ കീഴിൽ വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്നവരുടെ എണ്ണം സെക്ഷൻ തിരിച്ചും കാറ്റഗറി തിരിച്ചും വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഏത് കാലയളവ് വരെയാണ് കണക്ഷൻ നൽകി വരുന്നത് ;

(സി) പ്രസ്തുത അപേക്ഷകൾക്ക് വൈദ്യുത കണക്ഷൻ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു. †

(ബി) 1-1-2001 മുതലുള്ള പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും 1-8-2005 മുതലുള്ള പോസ്റ്റ് ആവശ്യമില്ലാത്ത കണക്ഷനുകളും നൽകാനുണ്ട്.

(സി) സ്വീകരിച്ചു വരുന്നു.

വെള്ളാങ്ങല്ലൂർ, അന്നമനട സബ് സ്റ്റേഷനുകൾ

86 [1208] ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ വെള്ളാങ്ങല്ലൂർ 33 കെ.വി. സബ് സ്റ്റേഷൻ ഈ വർഷം ഉദ്ഘാടനം ചെയ്യാൻ കഴിയുമോ ; അടിയന്തിരമായി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുവാൻ നടപടി സ്വീകരിക്കാമോ ;

(ബി) മാള നിയോജകമണ്ഡലത്തിലെ അന്നമനട 33 കെ.വി. സബ് സ്റ്റേഷൻ ഈ വർഷം പൂർത്തീകരിക്കുവാൻ കഴിയുമോ ; എന്നത്തേക്ക് ഉദ്ഘാടനം നടത്തുവാൻ കഴിയും എന്ന് അറിയിക്കാമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly